Series &RQPS

SET-4

Q.P. Code **12**

Roll No. | | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

കുറിപ്പ് :

(I) ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

(II) ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

(III) പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.

(IV) **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**

(V) ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

**NOTE**

(I) Please check that this question paper contains **15** printed pages.

(II) Please check that this question paper contains **9** questions.

(III) Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.

(IV) **Please write down the serial number of the question in the answer-book before attempting it.**

(V) 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* — *ആകെ മാർക്ക് : **80***

*Time allowed : **3** hours* — *Maximum Marks : **80***

*This question paper is divided into **three** sections :*

***Section A :** Objective (MCQ)* *25 marks.*

***Section B :** Descriptive* *40 marks.*

***Section C :** Creative Writing* *15 marks.*

***General Instructions :***

*(i)* *This question paper is divided into **three** sections.*

*(ii)* *It has total **9** questions.*

*(iii)* ***Section A :** 3 questions no. 1 to 3.*

*(iv)* ***Section B :** 3 questions no. 4 to 6.*

*(v)* ***Section C :** 3 questions no. 7 to 9.*

***പൊതു നിർദ്ദേശങ്ങൾ :***

*(i)* *ചോദ്യപേപ്പർ **3** വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.*

*(ii)* *ചോദ്യപേപ്പറിൽ ആകെ **9** ചോദ്യങ്ങൾ ഉണ്ട്.*

*(iii)* ***എ** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 1 മുതൽ 3 വരെ.*

*(iv)* ***ബി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 4 മുതൽ 6 വരെ.*

*(v)* ***സി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 7 മുതൽ 9 വരെ.*

## എ വിഭാഗം / SECTION A

**1.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങളുടെ ശരിയുത്തരം എടുത്തെഴുതുക : *5×1=5*

(i) ഉൽപ്രേക്ഷയിൽ ഭാവനാസൃഷ്ടമായിരിക്കുന്ന ഘടകം ഏതാണ് ?

(A) ഉപമേയം (B) ഉപമാനം

(C) സാധാരണ ധർമ്മം (D) ഉപമാവാചകം

(ii) ഉൽപ്രേക്ഷയിലെ വർണ്യത്തിൽ എന്താണ് തോന്നുന്നത് ?

(A) തീരുമാനം

(B) അതിശയം

(C) ആശങ്ക

(D) വിപരീതാർത്ഥം

(iii) ഉൽപ്രേക്ഷയ്ക്ക് ബീജമായിരിക്കുന്നതെന്ത് ?

(A) സാമ്യം

(B) വാസ്തവം

(C) ശ്ലേഷം

(D) അതിശയം

(iv) ക്രിയാരൂപത്തിന് പ്രാധാന്യമുള്ള ഉൽപ്രേക്ഷാവിഭാഗം ഏതാണ് ?

(A) ഹേതുൽപ്രേക്ഷ

(B) ഗമ്യോൽപ്രേക്ഷ

(C) ധർമ്മ്യുൽപ്രേക്ഷ

(D) ധർമ്മോൽപ്രേക്ഷ

(v) വർണ്യ വസ്തുവിന് അലങ്കാരശാസ്ത്രത്തിൽ പറയുന്ന പേരെന്ത് ?

(A) ഉപമാനം

(B) ഉപമേയോപമം

(C) ഉപമിതം

(D) ഉപമേയം

(vi) സ്വരൂപോൽപ്രേക്ഷ എന്നറിയപ്പെടുന്നത് ഏത് ഉൽപ്രേക്ഷാ വിഭാഗമാണ് ?

(A) ധർമ്മ്യുൽപ്രേക്ഷ

(B) ധർമ്മോൽപ്രേക്ഷ

(C) ഫലോൽപ്രേക്ഷ

(D) ഹേതുൽപ്രേക്ഷ

(vii) ഉൽപ്രേക്ഷയിലെ ഉപമാനത്തിന്റെ പ്രത്യേകത എന്ത് ?

(A) യഥാർത്ഥമായിരിക്കും

(B) കവി കൽപ്പിതമായിരിക്കും

(C) അതിപ്രശസ്തമായിരിക്കും

(D) വ്യാമോഹിപ്പിക്കുന്നതായിരിക്കും

**2.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ശരിയുത്തരം എടുത്തെഴുതുക. ഓരോന്നിനും രണ്ട് ഉപചോദ്യങ്ങൾ വീതമുണ്ട്. *5×2=10*

(a) (i) ഏത് കാലഘട്ടത്തിലായിരുന്നു കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്നത് ?

(A) പതിനഞ്ചാം നൂറ്റാണ്ട്

(B) പതിനാറാം നൂറ്റാണ്ട്

(C) പതിനേഴാം നൂറ്റാണ്ട്

(D) പതിനെട്ടാം നൂറ്റാണ്ട്

(ii) അദ്ദേഹത്തിന്റെ ജന്മസ്ഥലം ഏത് ?

(A) അമ്പലപ്പുഴ (B) കിള്ളിക്കുറിശ്ശി മംഗലം

(C) ആറൻമുള (D) ചെമ്പകശ്ശേരി

(b) “ഭരതനെന്ന നാമമതിനാൽ വാനോർ
ധരണീ പതിയോട് ചൊന്നത് കേട്ടമൂലം”

(i) ആരാണിവിടെ ധരണീപതി ?

(A) ദുഷ്യന്തൻ (B) വിശ്വാമിത്രൻ

(C) കണ്വൻ (D) കൗശികൻ

(ii) ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്ന ഭരതൻ ആരാണ് ?

(A) ശ്രീരാമന്റെ സഹോദരൻ

(B) കണ്വ മഹർഷിയുടെ ശിഷ്യൻ

(C) ശകുന്തളയുടെ പുത്രൻ

(D) വിശ്വാമിത്രന്റെ മകൻ

(c) (i) അച്ചടി വ്യാപകമായതോടെ മലയാള കവിതയിലെ ചൊല്ലൽ പാരമ്പര്യം അസ്തമിച്ചുപോയി എന്ന് അഭിപ്രായപ്പെട്ടതാരാണ് ?

(A) എം. മുകുന്ദൻ

(B) എൻ. മോഹനൻ

(C) സച്ചിദാനന്ദൻ

(D) എം. ഗോവിന്ദൻ

(ii) താഴെ പറയുന്നവരിൽ ചൊല്ലൽ പാരമ്പര്യത്തെ വീണ്ടെടുത്ത കവികളുടെ കൂട്ടത്തിൽ ഉൾപ്പെടാത്തതാര് ?

(A) ബാലചന്ദ്രൻ ചുള്ളിക്കാട്

(B) ഇ. സന്തോഷ് കുമാർ

(C) കടമ്മനിട്ട രാമകൃഷ്ണൻ

(D) വി. മധുസൂദനൻ നായർ

(d) “പലതും പറഞ്ഞു പിന്നെ
ഫലിതമത്രേ പാർത്തോളം”

(i) ആരാണ് ഫലിതം പറഞ്ഞത് ?

(A) ബാഹുകൻ

(B) കാർക്കോടകൻ

(C) പുഷ്കരൻ

(D) സാകേതപതി

(ii) ആരോടാണ് ഫലിതം പറഞ്ഞത് ?

(A) ഭീമനോട്

(B) കേശിനിയോട്

(C) ദമയന്തിയോട്

(D) ഋതുപർണനോട്

(e) (i) കാട്ടാളൻ ആരെപ്പോലെയാണ് മാനം നോക്കിയിരുന്നത് ?

(A) ഈറ്റപ്പുലി

(B) കരിമൂർഖൻ

(C) വേട്ടക്കാരൻ

(D) വേഴാമ്പൽ

(ii) എന്തിനുവേണ്ടിയാണ് മാനം നോക്കിയത് ?

(A) മഴനീരിന്

(B) കുഞ്ഞിന്

(C) കൽമഴുവിന്

(D) അഗ്നിജ്വാലയ്ക്ക്

(f) (i) താഴെ കൊടുത്തിരിക്കുന്നവരിൽ ഒറ്റകൃതികൊണ്ട് മലയാളസാഹിത്യത്തിൽ സ്ഥാനം നേടിയെടുത്ത കവി ആര് ?

(A) കുഞ്ചൻ നമ്പ്യാർ

(B) എഴുത്തച്ഛൻ

(C) ഉണ്ണായിവാര്യർ

(D) കടമ്മനിട്ട

(ii) ആ ഒറ്റകൃതി ഏതുപേരിൽ വിശേഷിപ്പിക്കപ്പെടുന്നു ?

(A) കേരളത്തിന്റെ രാമായണം

(B) കേരളത്തിന്റെ ശാകുന്തളം

(C) കേരളത്തിന്റെ ഭാഗവതം

(D) കേരളത്തിന്റെ മഹാഭാരതം

**3.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങളുടെ ശരിയായ ഉത്തരം എഴുതുക. ഓരോന്നിനും രണ്ട് ഉപചോദ്യങ്ങൾ വീതമുണ്ട്. *5×2=10*

(a) (i) ഗൗളികൾ കണ്ടുമടുത്ത യാതനാ നിർഭരമായ ആശുപത്രിജീവിതത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

(A) നിശ്ചലദൃശ്യം

(B) തുടർനാടകം

(C) ദുരന്തനാടകം

(D) ചലച്ചിത്രം

(ii) അവർ ചീന്തിയെറിഞ്ഞ മുന്നറിയിപ്പ് എന്തായിരുന്നു ?

(A) ആരോഗ്യത്തിന് ഹാനികരം

(B) ഗൗളി ചിലച്ചാൽ ബന്ധുമരണം

(C) അഹങ്കാരം ആപത്ത്

(D) മമതയാണ് ദുഃഖ കാരണം

(b) (i) "വേണ്ടപ്പെട്ടവരുടെ ചിത്രങ്ങൾ കണ്ടാൽ തിരിച്ചറിയാൻ കഴിയുമെന്ന് എന്താണ് ഉറപ്പ് " എന്ന് ചോദിച്ചതാര് ?

(A) വഴിയാത്രക്കാരൻ

(B) അപരിചിതൻ

(C) കച്ചവടക്കാരൻ

(D) കുട്ടികൾ

(ii) ഈ ചോദ്യം ദിവാകരനിൽ ഉണ്ടാക്കിയ പ്രതികരണം എന്ത് ?

(A) ക്ഷോഭം വന്നു

(B) ചെറുതായി കുഴങ്ങി

(C) ഭയം തോന്നി

(D) അമ്പരന്നു

(c) (i) മൊബൈൽ ഇന്റർനെറ്റിന്റെ വ്യാപനവും, സ്മാർട്ട് ഫോണുകളുടെ പ്രചാരവും എന്തിന്റെ സമീപകാല മുന്നേറ്റത്തിനാണ് കാരണമായത് ?

(A) ഫേസ്ബുക്കിന്റെ

(B) വാട്ട്സാപ്പിന്റെ

(C) വിക്കിപീഡിയയുടെ

(D) സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ

(ii) ഈ ലേഖകന്റേതല്ലാത്ത കൃതി ഏതാണ് ?

(A) ഇനിവായന ഇ-വായന

(B) നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ

(C) ഇ-മലിനീകരണം

(D) വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിൽ

(d) (i) പത്മരാജൻ എഴുതിയ നോവൽ ഏതാണ് ?

(A) പ്രതിമയും രാജകുമാരിയും

(B) മറ്റുള്ളവരുടെ വേനൽ

(C) പുകക്കണ്ണട

(D) അപരൻ

(ii) അദ്ദേഹത്തിന് ദേശീയതലത്തിൽ ലഭിച്ച പുരസ്കാരം ഏത് ?

(A) സുവർണ്ണ മയൂരം

(B) രജതകമലം

(C) ഗന്ധർവ്വഗീതം

(D) സുവർണ്ണകമലം

(e) (i) ഇന്റർനെറ്റ് വന്ന കാലത്തെ പ്രധാന ന്യൂനത എന്തായിരുന്നു ?

(A) മൊബൈൽ ഫോണിന്റെ വ്യാപനം

(B) മാധ്യമത്തോടുള്ള അകലം

(C) വിനിമയഭാഷ ഇംഗ്ലീഷ് മാത്രം

(D) അസ്വീകാര്യമായ പ്രവണതകൾ

(ii) ഇന്റർനെറ്റിന്റെ ഭാവിവികാസം എന്തിലൂടെയാണെന്നാണ് ലേഖകന്റെ അഭിപ്രായം ?

(A) വ്യക്തി സ്വാതന്ത്ര്യത്തിലൂടെ

(B) യു-ട്യൂബ്‌വഴി

(C) ബ്ലോഗിലൂടെ

(D) പ്രാദേശിക ഭാഷയിലൂടെ

(f) (i) “മുറിയിൽ നിന്ന്  പൊടുന്നനെ ഉയർന്ന കരച്ചിലിൽ അവരുടെ ശ്രദ്ധ താഴേക്കൂർന്നു” – ആരുടെ ?

(A) ഗൗളികളുടെ

(B) കുട്ടികളുടെ

(C) സന്ദർശകരുടെ

(D) ബന്ധുക്കളുടെ

(ii) കരച്ചിലുയരാൻ കാരണമെന്ത് ?

(A) അപകടം

(B) പെൺഗൗളിയുടെ എടുത്തുചാട്ടം

(C) യുവാവിന്റെ മരണം

(D) സന്ദർശകയുടെ നിർദ്ദയമായ പെരുമാറ്റം

## ബി വിഭാഗം / SECTION B

**4.** ഖണ്ഡിക വായിച്ച് ചുവടെയുള്ള ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് മാത്രം ഉത്തരങ്ങൾ എഴുതുക.

(ഓരോന്നിനും ഒരു മാർക്ക് വീതം) *10×1=10*

മനുഷ്യൻ ഉണ്ടായ കാലം മുതൽ കഥകളും കൂടെയുണ്ട്. അനുഭവങ്ങളെ ഭാവനകൊണ്ട് നിറംപിടിപ്പിച്ച് ശ്രോതാക്കളുടെ മുന്നിൽ അവതരിപ്പിക്കുന്ന രീതി ഏവരേയും രസിപ്പിക്കും. ഭാവനകളിൽ അഭിനയിക്കാനുള്ള കഴിവ് മനുഷ്യന് സ്വന്തം. വിശ്വസാഹിത്യത്തിൽ എക്കാലത്തും കഥകളുണ്ട്. കഥകളുടെ കാര്യത്തിൽ പ്രായഭേദമെന്യേ എല്ലാവരും രസികരാണ്. യഥാർത്ഥത്തിൽ ഏതു കഥയും വായനക്കാരെ രസിപ്പിക്കുക തന്നെ വേണം. പക്ഷേ കേവലമായ കഥകൾ നമ്മെ ചിന്തിപ്പിക്കുന്നു. ഒരു വ്യക്തിക്ക് ജീവിതത്തിലെ സർവ്വ അനുഭവങ്ങളും രുചിച്ചു നോക്കാൻ ആവില്ല. പ്രത്യേകിച്ചും പുതിയ കാലഘട്ടത്തിൽ വ്യക്തിയുടെ അനുഭവലോകം തികച്ചും പരിമിതമാണ്. കഥകളിലൂടെയും കഥാപാത്രങ്ങളിലൂടെയുമാണ് നാം ജീവിതാനുഭവങ്ങൾ അറിയുന്നത്. കഥാപാത്രങ്ങൾ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിൽനിന്നും വരുന്നവരാണ് അസൂയ, മത്സരം, പ്രണയം എന്നിങ്ങനെ ഏത് വികാരവും തുറന്നുപറയുന്നത് കഥാപാത്രങ്ങളാണ്. യഥാർത്ഥത്തിൽ കഥകളിലൂടെ കഥാപാത്രങ്ങളെ അറിയുമ്പോൾ നാം നമ്മെ തന്നെ അറിയുകയാണ്. ചെറുകഥയ്ക്ക് കവിതയോടാണ് കൂടുതൽ അടുപ്പം. മുഖവുരയും പരിചയപ്പെടുത്തലും ഇല്ല. നേരിട്ട് കഥയിൽ പ്രവേശിക്കുകയാണ്. കഥാപാത്രങ്ങൾ അധികം ഇല്ല. മിക്കവാറും

ഒരാളുടെ ഹൃദയത്തിലൂടെയാണ് കഥ കടന്നുപോകുന്നത്. അയാളുടെ വീക്ഷണത്തിലൂടെ മറ്റുകഥാപാത്രങ്ങൾ കടന്നു വരാം. ചെറുകഥയിൽ പരിണാമഗുപ്തി വേണമെന്നില്ല. കഥയെ വ്യത്യസ്തമാക്കുന്ന എന്തെങ്കിലും പ്രത്യേകത മതി. കഥയിൽ, കവിതയിലെന്നപോലെ വാക്കുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഒരു വാക്കിനുപകരം മറ്റൊരു വാക്ക് പകരം വെക്കാനാവാത്ത വിധം കഥ പൂർണ്ണമാകണം. സംഭവങ്ങൾ ഉണ്ടെങ്കിൽ തന്നെ അത് ഒന്നിലധികം വേണ്ട. മാനസികാവസ്ഥയാണ് പ്രധാനം കവിതയിൽ എന്നപോലെ സംവേദനമാണ് കഥയുടെ ലക്ഷ്യം. കഥയിൽ അലിഞ്ഞുപോയി എന്ന് പറയിക്കാൻ കഴിയണം. വായിച്ച് അടച്ചുവച്ച ശേഷവും കഥ നമ്മുടെ കൂടെ വരണം. ദിവസങ്ങളോളം ഒരു പക്ഷേ, ജീവിതാന്ത്യം വരെ. അതാണ് കഥയുടെ വിജയം.

**ചോദ്യങ്ങൾ :**

(a) ശ്രോതാക്കളെ രസിപ്പിക്കുന്ന കഥയുടെ രീതി എന്ത് ?

(b) ചെറു കഥയ്ക്ക് ഏത് സാഹിത്യവിഭാഗത്തിനോടാണ് കൂടുതൽ അടുപ്പം ?

(c) കേവലമായ കഥകൾ എന്താണ് ചെയ്യുന്നത് ?

(d) കഥയിലൂടെ നാം നമ്മെത്തന്നെ അറിയുന്നതെങ്ങനെ ?

(e) എന്താണ് കഥയുടെ വിജയം ?

(f) ചെറുകഥയിൽ നിർബന്ധമില്ലാത്ത ഒന്ന് എന്താണ് ?

(g) കഥയിൽ ഏറെ പ്രാധാന്യമുള്ളതെന്ത് ?

(h) കഥയുടെ ലക്ഷ്യം എന്താണ് ?

(i) കഥ എപ്രകാരമാണ് പൂർണ്ണമാകേണ്ടത് ?

(j) കഥാപാത്രങ്ങളിലൂടെ തുറന്നുപറയുന്നത് എന്താണ് ?

(k) മനുഷ്യന് മാത്രമുള്ള കഴിവ് എന്താണ് ?

(l) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം തയ്യാറാക്കുക.

**5.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. *5×3=15*

(a) ശകുന്തള മന്ദാക്ഷഭാവത്തോടെ ദുഷ്യന്തനെ പ്രതിരോധിച്ചത് എപ്രകാരം ?

(b) ഈ വിവരങ്ങൾ കേശിനി ദമയന്തിയെ അറിയിക്കുന്നു – എന്തെല്ലാമാണ് ആ വിവരങ്ങൾ ?

(c) കുഞ്ചൻ നമ്പ്യാരുടെ ഭാഷാപ്രയോഗത്തിലെ സവിശേഷതകൾ വിവരിക്കുക.

(d) ആവാസ വ്യവസ്ഥയ്ക്ക് ക്ഷതമേറ്റ കാട്ടാളൻ എന്തെല്ലാമാണ് ആക്രോശിച്ചത് ?

(e) ശീലാവതിയുടെ ദുഃഖങ്ങളും ആശ്വാസം കണ്ടെത്തലും കാവ്യഭാഗത്തിന്റെ സമകാലിക പ്രസക്തിയും ചുരുക്കി എഴുതുക.

(f) കിനാക്കൾ വിതച്ച പൂക്കാലത്തെക്കുറിച്ച് കാട്ടാളന്റെ നഷ്ടസ്മരണകൾ എന്തെല്ലാം ?

**6.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങളുടെ ഉത്തരം എഴുതുക. *5×3=15*

(a) അറിവിനേയും എഴുത്തിനേയും സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു എന്ന് ലേഖകൻ സ്ഥാപിക്കുന്നതെങ്ങനെ ?

(b) "പുരുഷന്റെ അഹന്ത ഗൗളിജന്മത്തിലും തീർത്തും തേഞ്ഞുപോയിരുന്നില്ല." ഈ പരാമർശത്തിനു കാരണമെന്ത് ?

(c) ഒരു ചലച്ചിത്രത്തിലെന്ന പോലെ ദിവാകരന്റെ തിരച്ചിൽ വായനക്കാരന് ദൃശ്യമാവും വിധമാണ് പത്മരാജന്റെ ഭാഷാരീതി - വിശദീകരിക്കുക.

(d) ആധുനിക സമൂഹത്തിലെ വിവിധ വിഷയങ്ങളെ എങ്ങനെയാണ് ഗൗളിജന്മത്തിൽ ഹാസ്യാത്മകമായി വിമർശിക്കുന്നത് ?

(e) ദീപാലങ്കാര പ്രഭയിൽ കബളിപ്പിക്കുന്ന വിപണിയെ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ ആവിഷ്കരിക്കുന്നവിധം വിവരിക്കുക.

(f) എന്തെല്ലാമാണ് നവമാധ്യമങ്ങളുടെ ശക്തിയും സാധ്യതയും എന്ന് പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.

## സി വിഭാഗം / SECTION C

**7.** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് 150 വാക്കുകളിൽ കവിയാതെ ഉത്തരം എഴുതുക. *1×5=5*

(a) ലളിതാംബിക അന്തർജ്ജനത്തിന്റെ കത്ത് എം.ടി. വാസുദേവൻ നായരെ ഏതെല്ലാം ഓർമ്മകളിലേക്കാണ് നയിച്ചത് ?

**OR (അല്ലെങ്കിൽ)**

(b) വാർദ്ധക്യത്തിൽ തന്റെ എഴുത്ത്ജീവിതത്തെക്കുറിച്ച് എം.ടി. വാസുദേവൻ നായർ ഓർത്തെടുക്കുന്നതെന്തെല്ലാം ?

**8.** ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. *1×5=5*

(a) പരിസ്ഥിതി സംരക്ഷണം

**OR (അല്ലെങ്കിൽ)**

(b) മാറിവരുന്ന വിദ്യാഭ്യാസ സമ്പ്രദായം.

**9.** 'ലഹരിമാഫിയ തകർത്തെറിയുന്ന ജീവിതങ്ങൾ' എന്ന ലേഖനപരമ്പര പ്രസിദ്ധീകരിച്ചതിനെ അനുമോദിച്ചു കൊണ്ട് പ്രമുഖപത്രത്തിലേക്ക് കത്ത് തയ്യാറാക്കുക. *1×5=5*